


# കുറ്റവും ശിക്ഷയും

ഡോ. മുകുന്ദനുണ്ണി

കുറ്റം ചെയ്തവരെ ശിക്ഷിക്കണം എന്നത് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു തീരുമാനമല്ല. ശിക്ഷ എന്തിന് എന്നു ചോദിക്കുന്നവരു ംചോദിച്ചവരുമുണ്ട്. രണ്ട് അഭിപ്രായങ്ങൾ തമ്മിലുള്ള തർക്കം എന്നതിലപ്പുറം ശിക്ഷയെക്കുറിച്ച് അടിസ്ഥാനപരമായി മനസ്സിലാക്കണമെങ്കിൽ ഈ രണ്ട് അഭിപ്രായങ്ങളും സ്വീകരിക്കുന്ന, ചോദ്യം ചെയ്യാതെ വിട്ട ധാരണകൾ പരിശോധിക്കേണ്ടിവരും. അതായത് ശിക്ഷ വേണം എന്നു പറയുമ്പോൾ എന്താണ് അങ്ങിനെ പറയുന്നതിലൂടെ ഉദ്ദേശിക്കുന്നത് എന്ന് അന്വേഷിക്കേണ്ടിവരും.

ശിക്ഷ വേണം എന്നു പറയുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ആദ്യം നോക്കാം. അപ്പോൾ ഒരു കാര്യം ശ്രദ്ധയിൽപ്പെടും. എന്തെന്നാൽ ശിക്ഷയെക്കുറിച്ച് ധാർമ്മിക ചിന്തകളേക്കാൾ നീതിന്യായ വ്യവസ്ഥയിൽ പ്രയോഗത്തിൽ വന്നിരിക്കുന്നത് അതിനെക്കുറിച്ചുള്ള രാഷ്ട്രീയ ചിന്തകളാണെന്ന് കാണാം. രാഷ്ട്രീയത്തിന് കീഴ്പ്പെട്ടുകൊണ്ടാണ് ശിക്ഷയെക്കുറിച്ചുള്ള ധാർമ്മിക ചിന്തകൾ നിലനിൽക്കുന്നത്. തീരെ സുസംഘടിതവുമല്ലാതെ. ധാർമ്മിക ചിന്ത ഏറെക്കുറെ ഒരു അടിയൊഴുക്കായി വർത്തിക്കുകമാത്രമാണ്.

രാഷ്ട്രീയത്തിലും ധാർമ്മികതയിലും ശിക്ഷയെ എങ്ങിനെ മനസ്സിലാക്കുന്നു എന്ന് പരിശോധിക്കാം. ആദ്യമായി രാഷ്ട്രീയ ആധിപത്യത്തോടെ നീതിന്യായ പ്രയോഗങ്ങളിലേയ്ക്ക് കടന്നുകയറിയ പ്രധാന ധാർമ്മിക സമീപനങ്ങളെ നോക്കാം.

രാഷ്ട്രീയ ചിന്തയിൽ രണ്ട് രീതിയിലാണ് ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിരുന്നത്. അതായത് ഒരു സമൂഹം അല്ലെങ്കിൽ ഒരു രാജ്യം കുറ്റം ചെയ്തവനെ എന്തു ചെയ്യണം എന്ന കാര്യത്തിൽ. കുറ്റം ചെയ്തവനെ തത്തുല്യമായ തോതിൽ ശിക്ഷിക്കുക എന്ന രീതിയാണ് റിട്രിബ്യൂട്ടീവ് രീതി. അതായത് കുറ്റം ചെയ്തവൻ ഇരയെ ഏൽപ്പിച്ച വിഷമങ്ങൾ തിരിച്ചേൽപ്പിക്കുക. ഇത് പ്രതികാരദിശയിലുള്ള ഒരു തീരുമാനമാണ്. കണ്ണിനുപകരം കണ്ണ് എന്നൊക്കെയുള്ള പ്രാകൃതമായ ശിക്ഷാരീതികൾ ഈ ചിന്തയുടെ ഉൽപന്നമാണ്.

യൂട്ടിലിറ്റേറിയൻ രീതിയാണ് മറ്റൊന്ന്. കൂടുതൽ പേർക്ക് കൂടുതൽ സന്തുഷ്ടി. ഇതാണ് യൂട്ടിലിറ്റേറിയൻ ചിന്തയുടെ ലക്ഷ്യം. കുറ്റം ചെയ്ത ഒരാളെ മാതൃകാപരമായി ശിക്ഷിച്ച് കുറ്റം ചെയ്യാനുള്ള പ്രവണതയെ കുറച്ച് കൂടുതൽ പേർക്ക് സന്തുഷ്ടിയുണ്ടാക്കുക എന്നിങ്ങനെയാണ് യൂട്ടിലിറ്റേറിയൻ ചിന്ത പിൻതുടരുന്നവർ ശിക്ഷയെ സംബന്ധിച്ച് കരുതുന്നത്. ഈ രണ്ടു സമീപനങ്ങളും ശിക്ഷയെ കുറ്റം ചെയ്യുന്നവർക്കുള്ള ഒരു താക്കീതായി ഉദ്ദേശിക്കുന്നുണ്ട്. ഇവയിൽതന്നെ ഔദാര്യ ശ്രമങ്ങളുമുണ്ട്. താക്കീത് നൽകാൻ കഠിനമായി ശിക്ഷിക്കേണ്ടതുണ്ടോ?, മരണ ശിക്ഷയുടെ ആവശ്യമുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ ഔദാര്യശ്രമങ്ങളുടെ ഭാഗമായി ഉയരുകയുണ്ടായി. ഒരു താക്കീത് എന്ന നിലയിൽ വധശിക്ഷ നടപ്പാക്കിയത് ചരിത്രത്തിലെപ്പോഴെങ്കിലും ഉദ്ദേശിച്ച ഫലസിദ്ധിയുണ്ടാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ബോധ്യപ്പെടും വിധം ഒന്നും പറയാൻ വധശ് ക്ഷാവാദികൾക്ക് കഴിഞ്ഞിട്ടുമില്ല മാത്രമല്ല മനുഷ്യരുടെ സംവേദനക്ഷമത കുറയ്ക്കുകയാണ് അത് ഫലത്തിൽ ചെയ്തിട്ടുണ്ടാവുക എന്നത് ഏറെ ക്കുറേ അംഗീകരിക്കപ്പെടുകയാണുണ്ട യത്. വധശിക്ഷ നടപ്പിലാക്കുന്ന ഒര ഭരണകൂടം കൊല്ലുന്ന ഭരണകൂടമായ തിരിച്ചറിയപ്പെടുകയാണുണ്ടായത് കുറ്റം ചെയ്തവന് അർഹിക്കുന്ന ശിക്ഷ എന്ന നിലയിലും കുറ്റം ചെയ്തവ ശിക്ഷിച്ചാൽ അതിന്റെ ഫലമായി കൂട തൽ പേർക്ക് കൂടുതൽ സന്തുഷ്ടമാ ജീവിതം എന്ന നിലയിലും ശിക്ഷ ന്യായീകരിക്കുന്ന വീക്ഷണങ്ങളുണ എന്നാണ് ഇവിടെ പറഞ്ഞത്. ഇത്തര വീക്ഷണങ്ങൾ ചില കാര്യങ്ങൾക അവ ഉണ്ട് എന്ന പദവി നൽകുന്നുണ്ട പൊതുജീവിതം എന്ന നിലച്ച നിൽക്കുന്ന സാധനം ഉണ്ട് എന്ന് വി ക്ഷിക്കുന്നുണ്ട്. കൂട്ടം എന്നത് ഒറ്റ സ്വ വമുള്ള ഏകകമായി ആരോപിക്കുന്ന ണ്ട്. ഇറാഖ് എന്നത് നിലനിൽക്കുന ഒന്നായി കരുതുന്നതുകൊണ്ടാ ഇറാഖ് കുറ്റം ചെയ്തു എന്ന് ആ പിച്ച് ജനാധിപത്യത്തിന്റെ പേര പറഞ്ഞ് അമേരിക്കൻ ഭരണകൂടം

രാജ്യത്തെ ആക്രമിക്കുന്നത്. ഇറാഖിനെ ഇവിടെ ഒരു വ്യക്തിയെപ്പോലെ, ഒരേ സ്വഭാവമുള്ള ഏകകമായി കാണുന്നു. ഇറാഖിനെ കുറ്റവാളിയായി കരുതി ആക്രമിച്ചപ്പോൾ ആ രാജ്യത്തുണ്ടായിരുന്ന ആരൊക്കെയോ ആയിരുന്നു കൊല്ലപ്പെട്ടത്. അവരുടെ ഉണ്മ ഇറാഖ് എന്ന പരികല്പനാപരമായ ഉണ്മയിൽ നിന്ന് വ്യത്യസ്ഥമാണ് എന്ന് തിരിച്ചറിഞ്ഞിരുന്നെങ്കിൽ ഈ ആക്രമണം ഇത്ര അനായാസേന ന്യായീകരിക്കപ്പെടുകയില്ലായിരുന്നു.

ഈ തിരിച്ചറിവിനെ കുറേക്കൂടി വ്യാപിപ്പിച്ചാൽ വ്യക്തികളെ സംബന്ധിച്ചും ഈ ന്യായം ബാധകമാണെന്ന് കാണാം. കുറ്റം ചെയ്ത് ജയിലിൽ അടയ്ക്കപ്പെട്ട ഒരു വ്യക്തിയുടെ ജീവിതം ശ്രദ്ധിച്ചാൽ അയാൾ ഏതോ ഒരു നിമിഷത്തിൽ, ഒരു പക്ഷെ ആരും ചെയ്തുപോകുന്ന കുറ്റമായിരിക്കാം ചെയ്തിട്ടുണ്ടാവുക. മുൻപും പിൻപും അയാൾ കുറ്റം ചെയ്യാത്തവരായി കണക്കാക്കപ്പെടുന്നവരെപ്പോലെ തന്നെയായിരിക്കാം. കുറ്റം ചെയ്ത സന്ദർഭത്തിലെ അയാളുടെ ,സ്വത്വം സാമാന്യമായി അയാൾക്കുള്ള സ്വത്വത്തിന് അന്യമാകാം. മനോരോഗിയെ 'അതയാൾ സ്വബോധത്തിൽ ചെയ്തതല്ല' എന്ന കാരണംകൊണ്ട് കുറ്റവിമുക്തനാക്കുന്നതുപോലെ പ്രസ്തുത വ്യക്തി ഒരു അബ്നോർമൽ സാമൂഹിക സാഹചര്യത്തിലായിരിക്കാം കുറ്റകൃത്യം ചെയ്തിട്ടുണ്ടാകുക. അങ്ങിനെയെങ്കിൽ, ശിക്ഷിക്കപ്പെടുമ്പോൾ അയാൾക്ക് സാമാന്യമായുള്ള സ്വത്വത്തെ അസാമാന്യ സാഹചര്യത്തിലുണ്ടായ ഒരു സ്വത്വത്തിന്റെ പേരിൽ വിഷമിപ്പിക്കുകയാണ്. ഈ പീഡനത്തിന് നിലവിലുള്ള അയാളുടെ സ്വത്വങ്ങൾ അർഹിക്കുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. ശിക്ഷ ഇളവ് എന്ന ഔദാര്യം പരോക്ഷമായി ഇത്തരം ധാരണകളാൽ പ്രചോദനം കൊണ്ടതായിരിക്കാം. അല്ലെങ്കിൽ ഇത്തരം ആലോചനകളാകാം ശിക്ഷ ഇളവു ചെയ്യുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്.

സ്വന്തമായ ചിന്തയും അഭിപ്രായവും തീരുമാനവും ഉള്ള മനുഷ്യനേയാണ് വ്യക്തിയെന്ന് വിളിക്കുന്നത്. മനോരോഗം ഉള്ളപ്പോൾ അയാൾ ചെയ്യുന്ന പ്രവർത്തി അയാൾ ചെയ്യുന്നതായി കണക്കാക്കപ്പെടുന്നില്ല. ഒരു ജീവിത മുഹൂർത്തത്തിൽ സ്വന്തം തീരുമാനമോ ചിന്തയോ നിർണ്ണയിക്കാത്ത സന്ദർഭമായിരിക്കാം ഒരു കുറ്റകൃത്യത്തിന്റേത്. അതുകൊണ്ടുതന്നെ കൃത്യത്തിന്റെ ഉത്തരവാദിത്തം ആരുടേത് എന്ന സന്ദിഗ്ദാവസ്ഥ പല കുറ്റകൃത്യത്തിന്റെ കാര്യത്തിലുമുണ്ട്. അതായത്, ഇച്ഛയുണ്ടെങ്കിലേ കർത്താവുണ്ടാകൂ. ("ഞാൻ ജീവികളെ ഭക്ഷിക്കുന്നതിൽ കർത്താവില്ല." ഇപ്രകാരം കാലൻ ഭൃഗുവിനോട് പറയുന്നുണ്ട്. ഭൃഗു തപസ്സിൽനിന്നുണർന്ന് നോക്കിയപ്പോൾ കൂടെയുണ്ടായിരുന്ന പുത്രൻ ശുക്രൻ മരണമടഞ്ഞതായി കണ്ട് കാലനെ ശപിക്കാനൊരുങ്ങുകയായിരുന്നു. അപ്പോൾ കാലൻ വന്ന് ഭൃഗുവിനെ ഉപദേശിക്കുകയാണ് - ദേഷ്യം പിടിച്ച് തപശ്ശക്തി കളയണ്ട എന്ന്. കാലൻ ജീവികളെ ഭക്ഷിക്കുന്നത് നിയതിയുടെ ഭാഗമായാണ്. അതിൽ ആരുടേയും ഇച്ഛകളില്ല. അതുകൊണ്ട് കർത്താവില്ല. കർത്താവില്ലാത്ത കർമ്മങ്ങളാണ്. വാസിഷ്ഠരാമായണം. പരിഭാഷ : കെ. വാസുദേവൻ മൂസ്സത്. പി.കെ. ബ്രദേഴ്സ്. കോഴിക്കോട്. 1987. പേജ് - 132)

ഒരാളെ ശിക്ഷിക്കുന്നത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരം പറയാനുള്ള ശ്രമമല്ല ഇതൊന്നും. ശിക്ഷിക്കാൻ തീരുമാനിച്ചാൽതന്നെ ആരെ, ആരുണ്ടവിടെ ശിക്ഷിക്കപ്പെടാൻ എന്ന് അന്വേഷിക്കുകയാണ്. (അഫ്സൽ ഗുരുവിന്റെ കേസ് എങ്ങിനെ ഒരു മനുഷ്യൻ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടും പുനഃപരിശോധന തീണ്ടാത്ത വിചാരണകൊണ്ടും വധശിക്ഷയ്ക്ക് വിധിക്കപ്പെടാനിടയായി എന്നതിന്റെ അലോസരപ്പെടുത്തുന്ന ഉദാഹരണമാണ്. അരുന്ധതിറോയിയുടേയും നന്ദിതാഹസ്കറിന്റേയും വാക്കുകൾ സാക്ഷി).

നാം നമ്മൾ കരുതുന്നതിനേക്കാളേറെ ഉത്തരവാദികളാണ്. ഒരു കസേര എന്റെ അരുകിലേയ്ക്ക് വലിച്ചിടുക എന്ന ഒരു ചെറിയ കാര്യം ചെയ്യുമ്പോൾകൂടി ഞാൻ ഉദ്ദേശിച്ചതിലേറെ കാര്യങ്ങളെ ചെയ്യുകയാണ്. വലിച്ചിരുന്ന സിഗരറ്റ് മാറ്റിവെച്ച്, കുപ്പായത്തിന്റെ കൈ തെറുത്ത്, കൈകാലുകൾ ഒരു പ്രത്യേക രീതിയിൽ മടക്കി ആഞ്ഞ് ആ കസേര വലിച്ചിടുന്നു. പക്ഷെ കസേര വലിച്ചിടുന്നതല്ലാതെ മറ്റൊന്നും എന്റെ ലക്ഷ്യപ്രേരിതമായ ചിത്രത്തിൽ വരുന്നില്ല. ഉദ്ദേശത്തിൽപ്പെടാത്ത ഈ കാര്യങ്ങളേയൊക്കെ ഞാൻ കാണാതെവിടുന്നു. ഈ കാര്യങ്ങളുടെയൊക്കെ ഉത്തരവാദിത്തം എന്റേതായിട്ടുകൂടി. ഈ ഉദാഹരണത്തിലെ കസേരപോലെയാണ് അപരന്റെ കാര്യവും. ഉദ്ദേശത്തിൽപെടാത്തതുകൊണ്ട് അപരൻ കണ്ണിൽപെടുന്നില്ല. ഇത് സൂചിപ്പിക്കുന്നത് നാം സ്വയം കരുതുന്നതിനപ്പുറം ഉത്തരവാദികളാണ് എന്നാണ്.

മനുഷ്യാസ്തിത്വം എന്നത് നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലേയ്ക്ക് എടുത്തെറിയപ്പെടുന്നപോലെയാണ് എന്ന് ഹൈഡഗ്ഗർ പറഞ്ഞതിൽനിന്നാണ് ബീയിങ്ങിനെ സംബന്ധിച്ച പുതിയ വെളിച്ചം ഉണ്ടാക്കുന്നത്. ശാസ്ത്രജ്ഞർ സ്വീകരിച്ച രീതിയിൽനിന്ന് വ്യത്യസ്തമാണ് ഈ നോക്കിക്കാണൽ. ബീയിങ്ങിനെ, അതായത് ഭവിക്കുന്ന ഒന്ന്, ഒരു നാമമായല്ല ക്രിയയായാണ് ലെവിനാസ് മനസ്സിലാക്കുന്നത്. ആകുക (to be) എന്ന പ്രക്രിയയുടെ മൂർത്തതയാണ് ലെവിനാസിന് ബീയിങ്. അതുകൊണ്ട് അപരനെ അറിയുക, അല്ലെങ്കിൽ മനസ്സിലാക്കുക എന്നത് ഒരു വസ്തുവിനെ ശാസ്ത്രത്തിന്റെ രീതിയിൽ അറിയുന്നതുപോലെയല്ല, മറിച്ച് അപരനാൽ ബാധിക്കപ്പെടുന്നതുപോലെയാണ് ആ അറിവ്.

അപരനെ ആദ്യമായി കാണുകയും പിന്നെ മനസ്സിലാക്കുകയും ചെയ്യുകയല്ല മനുഷ്യബന്ധങ്ങളിൽ സംഭവിക്കുന്നത്. അഭിസംബോധന ചെയ്യുന്നതിലൂടേയോ ചെയ്യാതിരിക്കുന്നതിലൂടേയോ ആണ് മനസ്സിലാക്കുന്നത്. ഒരു മുഖമായോ ഒരു അയൽ ഗൃഹമായോ അപരൻ പ്രത്യക്ഷപ്പെടുന്നു. ജീവിത സന്ദർഭത്തിനകത്തുവെച്ചാണ് ബന്ധപ്പെടുന്നത്.

നീതിന്യായ ചിന്തകളും പ്രയോഗങ്ങളും അടിസ്ഥാനമാക്കുന്ന ധാരണകൾ എത്രമാത്രം ചോദ്യം ചെയ്യപ്പെടാത്തവയാണ്. അവ എത്രമാത്രം പുനർവിചാരണകൾ അർഹിക്കുന്നു എന്നു ചൂണ്ടിക്കാണിക്കുകയാണ് ഈ ലഘുപ്രസംഗത്തിന്റെ ലക്ഷ്യം. അപരൻ ഒട്ടും ലഘൂകരിക്കാനാവാത്ത ഒരു നിലനിൽപ്പായി മനസ്സിലാക്കാതെ ധർമ്മസമൃദ്ധമായ നീതിന്യായ ചിന്ത അസാധ്യമാണെന്ന് സമീപിക്കുക കൂടിയാണ് ഈ വാക്കുകൾ.

*(2007 നവംബർ 1 ന് കോഴിക്കോട് കല്പക ഓഡിറ്റോറിയത്തിൽ ചേർന്ന കരിനിയമ വിരുദ്ധ യോഗത്തിൽ അവതരിപ്പിച്ച പ്രസംഗം)*

*സുധർമ്മ, തിരുവണ്ണൂർ നട, കോഴിക്കോട്-29*